I/265836/2022

<u>വ്യവസായവാണിജ്യഡയറക്ടറുടെനടപടിക്രമം</u>
<u>(അവതരണം : S. HARIKISHORE I A S)</u>

നം.DIC/459/2022-ED4 തീയതി : 30-08-2022

വിഷയം:- വ്യവസായം - ജീവനക്കാര്യം - ശ്രീ. ബിജു പി.ബി, സീനിയർ കോ-ഓപ്പ റേറ്റീവ് ഇൻസ്പെക്ടർക്ക് ഫോർമാൻ (റബ്ബർ) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം:-
1. 27.01.2022 തീയതിയിലെ സ.ഉ(സാധാ) നം.82/2022/വ്യവ
2. കോമൺ ഫെസിലിറ്റി സർവീസ് സെൻറർ മഞ്ചേരി അസിസ്റ്റന്റ് ഡയറക്ടറുടെ 28.01.2022 തീയതിയിലെ CFSCMJ/113/2022-E നമ്പർ നടപടി ക്രമം
3. 22.01.2022 തീയതിയിലെ DIC/459/2022-ED4നമ്പർസർക്കുലർ.
4. 29.08.2022 തീയതിയിലെ DIC/2585/2022-EE1 നമ്പർ സെലക്ട് ലിസ്റ്റ്

കോമൺ ഫെസിലിറ്റി സർവീസ് സെൻറർ മഞ്ചേരിയിൽ ഫോർമാൻ (റബ്ബർ) തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.വിനോദ് കുമാർ.ജി -യ്ക്ക് പരാമർശം (1) പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ (ട്രെയിനിംഗ്) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയിരുന്നു. തുടർന്ന് ടിയാനെ പരാമർശം (2) പ്രകാരം ഫോർമാൻ (റബ്ബർ) തസ്തികയിൽ നിന്ന് വിടുതൽ ചെയ്യുകയുണ്ടായി. തുടർന്ന് ഫോർമാൻ (റബ്ബർ) തസ്തികയിൽ 29.01.2022 തീയതി മുതൽ ഒഴിവ് വരികയും ചെയ്തു. ഫോർമാൻ (റബ്ബർ) തസ്തികയിലേക്കുള്ള നിയമനത്തിന് വകുപ്പിലെ ഇൻഡസ്ട്രീസ് സബോർഡിനേറ്റ് സർവീസ് വിഭാഗം ജീവനക്കാരിൽ നിന്നും ബൈട്രാൻസ്ഫർ വഴി പരാമർശം (3) പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു.

മേൽ സർക്കുലറിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകരുടെ സർട്ടിഫിക്കറ്റ് പരിശോധന നടത്തുകയും സർക്കുലർ പ്രകാരം യോഗ്യരായ ജീവനക്കാരിൽ നിന്നും ഓപ്ഷൻ വാങ്ങുകയും പരാമർശം (4) പ്രകാരം ഡി.പി.സി.(ലോവർ)-ൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. പരാമർശം (4) പ്രകാരമുള്ള ഫോർമാൻ (റബ്ബർ)-ന്റെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീ. ബിജു.പി.ബി, സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർക്ക് കോമൺ ഫെസിലിറ്റി സർവീസ് സെൻറർ മഞ്ചേരിയിൽ ഫോർമാൻ (റബ്ബർ) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകേണ്ടതുണ്ട്. ആയതിനാൽ ഈ ഉത്തരവ്.

**<u>ഉത്തരവ്</u>**

മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീ. ബിജു.പി.ബിയെ കോമൺ ഫെസിലിറ്റി സർവീസ് സെൻറർ മഞ്ചേരിയിൽ നിലവിലുള്ള ഫോർമാൻ (റബ്ബർ) തസ്തികയിലേക്ക് ₹ 50200-105300 (Revised) ശമ്പള സ്കെയിലിൽ തസ്തിക മാറ്റം വഴി സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ടിയാനെ വിടുതൽ ചെയ്യേണ്ടതും ടിയാൻ കോമൺ ഫെസിലിറ്റി സർവീസ് സെന്റർ മഞ്ചേരി അസിസ്റ്റന്റ് ഡയറക്ടർ മുൻപാകെ ജോലിയിൽ പ്രവേശിക്കുന്നതിനായി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ടിയാനെ വിടുതൽ ചെയ്ത /ജോലിയിൽ പ്രവേശിപ്പിച്ച വിവരം ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. ടിയാന്റെ സേവന പുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്.

I/265836/2022

S. HARIKISHORE I A S
DIRECTOR

സ്വീകർത്താവ്:- ശ്രീ. ബിജു.പി.ബി, സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ

പകർപ്പ് :

1. അക്കൌണ്ടന്റ് ജനറൽ ,തിരുവനന്തപുരം
2. അസിസ്റ്റന്റ് ഡയറക്ടർ, കോമൺ ഫെസിലിറ്റി സർവീസ് സെന്റർ മഞ്ചേരി
3. ജൂനിയർ സൂപ്രണ്ട് ഇ.സി.സെക്ഷൻ /സീനിയോറിറ്റി സെക്ഷൻ
4. സീനിയർ സൂപ്രണ്ട് എച്ച് & സി.സെക്ഷൻ
5. സൂക്ഷിപ്പ് ഫയൽ

ഉത്തരവിൻപ്രകാരം

**Signed by Hiranmay K R**
**Date: 02-09-2022 11:30:30**
സീനിയർസൂപ്രണ്ട്